# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2744 | 10.12.2014 -ൽ മറുപടിയ്ക്ക്

### ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) | ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി, എംഎൽ.എ. എസ്.ഡി.എഫ്, എം.പി. എൽ.എ. ഡി, എ.ആർ.ഡബ്ല്യൂ. എസ്. എസ്.,ത്രിതലപഞ്ചായത്ത്/മറ്റു സർക്കാർ വകുപ്പുകളുടെ ഡിപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക, വരൾച്ചാ ദുരിതാശ്വാസ പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യേക തുക, എംഎൽ.എ. എസ്.ഡി.എഫ്, എം.പി. എൽ.എ. ഡി, എ.ആർ.ഡബ്ല്യൂ. എസ്. എസ്. എന്നിവയിലുൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക, ത്രിതലപഞ്ചായത്തുകൾ/ സർക്കാർ വകുപ്പുകൾ ഡിപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) ആരംഭിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് മുഖേന 2002 മുതൽ ഇത്തരത്തിലുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ